മാധ്യമം

20 September 2017

# മണ്ണില്ലാതെയും ജൈവകൃഷി ചെയ്യാൻ നടീൽ മിശ്രിതം

● കൃഷി വിജ്ഞാന കേന്ദ്രമാണ് മിശ്രിതം വികസിപ്പിച്ചത്



മണ്ണില്ലാ നടീൽ മിശ്രിതം

**കൊച്ചി:** നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സന്തോഷ വാർത്ത. മണ്ണില്ലാതെയും കൃഷി ചെയ്യാം. ജൈവകൃഷിയിൽ താൽപര്യമുള്ളവർക്ക് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന് കീഴിൽ വികസിപ്പിച്ച മണ്ണില്ലാ നടീൽ മിശ്രിതം ഇനി മുതൽ മണ്ണിന് പകരമായി ഉപയോഗിക്കാം. പൊതുജനങ്ങൾക്കിടയിൽ മിശ്രിതം പരിചയപ്പെടുത്തുന്നതിന് വ്യാഴാഴ്ച സി.എം.എഫ്.ആർ.ഐയിൽ വിപണന മേള സംഘടിപ്പിക്കും. രാവിലെ 9.30നും വൈകീട്ട് അഞ്ചിനും ഇടയിൽ മേളയിൽ നിന്ന് മിശ്രിതം വാങ്ങാം.

നഗരപ്രദേശങ്ങളിൽ ജൈവകൃഷി ചെയ്യുന്നവർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ഗുണമേന്മയുള്ള മണ്ണിന്റെ ലഭ്യതക്കുറവ്. സാധാരണഗതിയിൽ ഒരു വീട്ടിൽ 30 ഗ്രോബാഗുകളിൽ കൃഷി ചെയ്യാൻ ചുരുങ്ങിയത് 150 കിലോ മണ്ണ് വേണം. ലഭിക്കുന്ന മണ്ണാവട്ടെ കല്ലും വേരുകളും നിറഞ്ഞതായതിനാൽ ചെടികളുടെ വളർച്ചയെ സാരമായി ബാധിക്കുന്നു. മണ്ണിനുപകരമായി പ്രചാരത്തിലുള്ള ചകിരിച്ചോർ ഉപയോഗിച്ചുള്ള മിശ്രിതങ്ങളിൽ വേരുപിടിത്തം ബുദ്ധിമുട്ടാകുന്നത് നഗരപ്രദേശങ്ങളിലെ ജൈവകൃഷിയെ സാരമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് സി.എം.എഫ്.ആർ.ഐക്ക് കീഴിൽ പ്രവർത്തിക്കുന്ന കെ.വി.കെ പുത്തൻ മണ്ണില്ലാ മിശ്രിതം പരീക്ഷിച്ച് വിജയിച്ചത്.

പഞ്ചസാര മില്ലുകളിൽനിന്ന് പുറംതള്ളുന്ന പ്രെസ് മഡ് എന്ന ഉപോൽപ്പന്നം കമ്പോസ്റ്റ് ചെയ്താണ് മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന മിശ്രിതം വികസിപ്പിച്ചത്. അഞ്ചു കിലോ പ്രസ്മഡ്, 2.5 കിലോ ചാണകപ്പൊടി, 2.5 കിലോ ചകിരിച്ചോർ എന്നിവ ഡോളമൈറ്റ്, സ്യൂഡോമൊണാസ്, വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർത്തുണ്ടാക്കുന്ന മിശ്രിതം പോഷകസമ്പുഷ്ടവും പലതവണ ഉപയോഗിക്കാവുന്നതുമാണ്. കെ.വി.കെയുടെ സാങ്കേതിക പിന്തുണയോടെ വൈപ്പിൻ ഹരിശ്രീ സ്വയം സഹായ സംഘമാണ് മിശ്രിതം വിൽപനക്കായി തയാറാക്കുന്നത്.

പത്ത് കിലോയുടെ പാക്കറ്റുകളായാണ് ലഭിക്കുക. മണ്ണില്ലാ മിശ്രിതത്തിന്റെ പാക്കറ്റുകളിൽ നേരിട്ട് ചെടികൾ നടാമെന്നതിനാൽ ഗ്രോബാഗുകൾ ഉപയോഗിക്കേണ്ടതില്ല. പത്ത് കിലോയുടെ പാക്കറ്റിന് 100 രൂപയാണ് വില. വ്യാവസായികമായി ഉൽപാദിപ്പിക്കുന്ന രീതികൾ വിശദീകരിക്കുന്ന ബിസിനസ് ഡസ്ക്കും മേളയിൽ പ്രവർത്തിക്കും. ഫോൺ: 8281757450.